# അക്കാദമിക മാസ്റ്റർപ്ലാൻ
# 2025-26



**മുസ്‌ലിം ഗേൾസ് എച്ച്.എസ്.എസ്.**

**ഈരാറ്റുപേട്ട, കോട്ടയം**

വിദ്യാഭ്യാസ ജില്ല - കാഞ്ഞിരപ്പള്ളി

ഉപജില്ല - ഈരാറ്റുപേട്ട

# PROFILE

| | |
|---|---|
| Name and Address | : **MUSLIM GIRLS H.S.S ERATTUPETTA**<br>Nadakkal P.O, Erattupetta<br>PIN : 686 121<br>Ph : 04822 272069<br>Website : www.mghsserattupetta.in<br>E-mail: kply32003@yahoo.co.in |
| Owned and managed by | : **Muslim Educational Trust (M.E.T)**<br>E-mail : metetpa@gmail.com |
| School Code | : 32003 |
| UDISE Code | : 32100200105 |
| Educational District | : Kanjirappally |
| Sub-District | : Erattupetta |
| Revenue District | : Kottayam |
| Location | : On the side of Erattupetta – Vagamon State Highway. |
| Ward, Municipality | : Division 19, Erattupetta Municipality |
| Village | : Erattupetta |
| Taluk | : Meenachil |
| Assembly Constituency | : Poonjar |
| Parliament Constituency | : Pathanamthitta |
| Manager | : Sri. Ansari M.K. Ph : 9961088888 |
| Principal | : Smt. Thahira P P Ph : 9495613062 |
| Headmistress | : Smt. Leena M P Ph : 9447780581 |

**Courses offered in Higher Secondary**

| | |
|---|---|
| : Science | : 3 batches (Biology-2, Computer-1) |
| Commerce | : 2 batches |
| Humanities | : 2 batches |
| in take 50 each | |

**UP & HS** : Std 5-10 (Malayalam & English Medium)

# സ്കൂൾ ലഘുചരിത്രം

ഈരാറ്റുപേട്ടയിൽ ഒരു മുസ്‌ലിം പെൺ പള്ളിക്കൂടം സ്ഥാപിക്കുക എന്ന ലക്ഷ്യവുമായി 1960 ൽ ഒത്തുകൂടിയ നാട്ടിലെ പൗരപ്രമുഖരും ഉൽപ്പതിഷ്ണുക്കളുമായ ഏതാനും മഹത്തുക്കളുടെ നിരന്തര ശ്രമ ഫലമായാണ് 1964 ൽ ഈ സ്കൂൾ സ്ഥാപിതമായത്. ആദ്യം ഹൈസ്കൂളും 1967 ൽ യു.പി. വിഭാഗവും തുടങ്ങി. 1990-91 വിദ്യാഭ്യാസവർഷത്തിൽ ഇവിടെ ഹയർ സെക്കൻഡറി വിഭാഗം ആരംഭിച്ചു. ഇപ്പോൾ 5 മുതൽ 12 വരെ ക്ലാസ്സുകളിലായി 47 ഡിവിഷനുകൾ ഇവിടെയുണ്ട്. തുടക്കം മുതൽ 2001 വരെ "മുസ്‌ലിം ഗേൾസ് ഹൈസ്കൂൾ കമ്മറ്റിയാണ്" സ്കൂൾ ഭരണം നിർവ്വഹിച്ചിരുന്നത്. 10/10/2001 മുതൽ അംഗങ്ങൾ ചേർന്ന് രൂപീകരിച്ച "മുസ്‌ലിം എഡ്യൂക്കേഷൻ ട്രസ്റ്റിന്റെ" നിയന്ത്രണത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നത്.

## ക്ലാസും ഡിവിഷനും

| ക്ലാസ് | V | VI | VII | VIII | IX | X | XI | XII | അകെ |
|---|---|---|---|---|---|---|---|---|---|
| ഡിവിഷൻ | 5 | 5 | 5 | 7 | 6 | 5 | 7 | 7 | 47 |

## കുട്ടികളുടെ എണ്ണം

| ക്ലാസ് | V | VI | VII | VIII | IX | X | XI | XII | ആകെ |
|---|---|---|---|---|---|---|---|---|---|
| ഡിവിഷൻ | 122 | 171 | 146 | 229 | 237 | 220 | 310 | 323 | 1758 |

## ജീവനക്കാരുടെ എണ്ണം

| വിഭാഗം | അധ്യാപകരുടെ എണ്ണം | അനധ്യാപകരുടെ എണ്ണം |
|---|---|---|
| UP | 18 | 0 |
| HS | 29 | 5 |
| HSS | 29 | 2 |
| ആകെ | 76 | 7 |

## പ്രവർത്തനങ്ങളെക്കുറിച്ച്..

ജില്ലാ തലത്തിൽ തന്നെ SSLC, Plus Two പൊതുപരീക്ഷകളിൽ ഏറ്റവും കൂടുതൽ A+ കളോടെ ഉന്നത വിജയം നേടുന്ന ഈ വിദ്യാലയത്തിൽ 5 മുതൽ 12 വരെ ക്ലാസ്സുകളിലായി 1758 വിദ്യാർത്ഥിനികൾ പഠിക്കുന്നു. 76 അധ്യാപകരും 7 അനധ്യാപകരും ഇവർക്ക് വേണ്ട മാർഗ്ഗ നിർദ്ദേശങ്ങൾ നൽകി ഒപ്പമുണ്ട്. എല്ലാ പുരോഗമന പ്രവർത്തനങ്ങളിലും സഹകരിച്ച് സമയോചിതമായ ഇടപെടലുകളിലൂടെ സ്കൂൾ മാനേജ്മെന്റ് കമ്മിറ്റി, സജീവമായ പി.റ്റി.എ, പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മയും കൂടെയുണ്ട്.

നൂതന സജ്ജീകരണങ്ങളോടുകൂടിയ ലാബുകൾ, ലൈബ്രറി & റീഡിംഗ് റൂം, ഓഡിയോ വിഷ്വൽ റൂം വിത്ത് ഇന്ററാക്ടീവ് ബോർഡ്, ഐറ്റി ബ്ലോക്ക് എന്നിവ കുട്ടികളുടെ പഠനപ്രവർത്തനങ്ങൾ സുഗമമാക്കു ന്നു. കലാ കായിക മേളകൾ, ശാസ്ത്രോൽസവം എന്നീ രംഗങ്ങളിൽ പ്രത്യേക പരിശീലനങ്ങളിലൂടെ സംസ്ഥാന തലം വരെ കുട്ടികൾ വിജയികളാവുന്നു. NTSE, NMMSE, USS, Nu Mats, KVPY മറ്റു മത്സര പരീക്ഷകൾ, ക്വിസ് മത്സരങ്ങൾ എന്നിവയ്ക്കും വിദഗ്ദ പരിശീലനത്തിലൂടെ കുട്ടികളെ സജ്ജരാക്കു ന്നു. വിശാലമായ ഇൻഡോർ, ഔട്ട്ഡോർ ഗ്രൗണ്ടുകളും കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. ശലഭവിഹാർ, ഔഷധോദ്യാനം, പൂന്തോട്ടം, നെൽപ്പാടം, പച്ചക്കറിത്തോട്ടം തുടങ്ങിയവയിൽ പച്ച പുതച്ചുനിൽക്കുന്ന സ്കൂൾ ക്യാമ്പസാണ് ഈ വിദ്യാലയത്തിന്റെ പ്രധാന ആകർഷണം. കുട്ടികളെ പഠനത്തോടൊപ്പം മറ്റു മേഖലകളിലെ വിദഗ്ധ പരിശീലനത്തിന് അവസരമൊരുക്കി വിമൻ എംപവർമെന്റ് സെന്ററിന്റെ നേതൃത്വത്തിൽ പ്രത്യേക പദ്ധതികളും നടന്നുവരുന്നു. കുട്ടികളുടെ വ്യക്തിത്വ വികാസത്തിനുതകുന്ന പ്രത്യേക പരിശീലനങ്ങൾ, രക്ഷ കർത്താക്കൾ, അധ്യാപകർ എന്നിവർക്കുള്ള ക്ലാസ്സുകൾ, റസിഡൻഷ്യൽ ക്യാമ്പുകൾ തുടങ്ങിയവ ഇതിന്റെ ഭാഗമായി നടത്തിവരുന്നു. അതോടൊപ്പം വിവിധ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി വിവിധ ക്ലബ്ബ് പ്രവർത്തനങ്ങളും സജീവമായി നടക്കുന്നു.

യു.പി.കുട്ടികളിൽ പ്രത്യേക ശ്രദ്ധ ചെലുത്താനും അവരുടെ പഠന പഠനാനുബന്ധപ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനും സ്മാർട്ട് യു.പി. പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. ഗൃഹാന്തരീക്ഷത്തിലും ആത്മീയ ചുറ്റു പാടിലും കുട്ടികൾക്ക് താമസിച്ചു പഠിക്കാൻ ആധുനിക സൗകര്യങ്ങളോടെ സ്കൂൾ ഹോസ്റ്റലും ക്യാമ്പസി നോട് ചേർന്നുണ്ട്. കുട്ടികൾക്ക് സുരക്ഷിതമായ യാത്രാ സൗകര്യങ്ങളൊരുക്കി എല്ലാ പ്രദേശങ്ങളിലേയ്ക്കും സ്കൂൾ ബസ് സൗകര്യവും ഒരുക്കിയിട്ടുണ്ട്. ലോകത്തെവിടെ നിന്നും വിരൽത്തുമ്പിൽ സ്കൂളിന്റെ വിശേഷങ്ങളറിയാൻ www.mghsserattupetta.in എന്ന വെബ്സൈറ്റിലൂടെ സാധിക്കുന്നു.

## കാഴ്ചപ്പാട്

- സ്കൂളിലെത്തുന്ന ഓരോ കുട്ടിയുടെയും നൈസർഗ്ഗികമായ കഴിവുകൾ കണ്ടെത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി അവസരങ്ങൾ നൽകുക.
- അവരെ മൂല്യബോധവും ധർമ്മനിഷ്ഠതയുമുള്ള നല്ല വ്യക്തികളാക്കിമാറ്റുക.
- സ്കൂൾ ക്യാമ്പസിനെ ഒരു പാഠപുസ്തകമാക്കി പരിവർത്തിക്കുക.
- പഠനപാഠ്യാനുബന്ധ മേഖലകളിലെ മികവിന്റെ കേന്ദ്രമായ പൊതുവിദ്യാലയമാക്കി മാറ്റുക.
- ഭിന്നശേഷിക്കാരായ കുട്ടികളെ പരിഗണിച്ചുകൊണ്ട് അവരെയും ഒപ്പം കൂട്ടി മുന്നോട്ട് പോകാൻ വേണ്ടതായ പ്രവർത്തനങ്ങൾ ക്രമീകരിക്കുക.
- പൊതു വിദ്യാലയ സംരക്ഷണയജ്ഞത്തിൽ സജീവമായി ഭാഗവാക്കാവുക.

## പൊതുലക്ഷ്യങ്ങൾ

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അവർ യഥാകാലങ്ങളിൽ നേടേണ്ട ശേഷികൾ ആർജിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിനും മുൻക്കൂട്ടി തയ്യാറാക്കി രക്ഷക്കർത്താക്കളെ യഥാസമയം അറിയിക്കുക.
- കുട്ടികളുടെ സർഗാത്മര, കായിക, അക്കാദമിക മികവുകൾ അന്തർദേശീയ തലങ്ങളിൽ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തമാക്കും.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ് ഹിന്ദി ഭാഷകൾ വായിക്കാനും എഴുതാനുമുള്ള ശേഷി ഉറപ്പാക്കുക.

# പ്രവർത്തനങ്ങൾ

## ഭിന്നശേഷി സൗഹൃദ വിദ്യാലയം

ഭിന്നശേഷി വിദ്യാർത്ഥികൾക്കായി വിപുലമായ സൗകര്യങ്ങളാണ് സ്കൂളിൽ ഒരുക്കിയിരിക്കുന്നത്. റാമ്പ് സൗകര്യം, താഴെ നിലയിലെ ക്ലാസ് റൂമുകൾ, പ്രത്യേക ബാത്റൂം സൗകര്യം, സ്പെഷ്യൽ എഡ്യൂക്കേറ്ററുടെ സേവനം, ലൈബ്രേറിയൻ കുട്ടികൾക്ക് നേരിട്ട് പുസ്തകങ്ങൾ എത്തിക്കുന്നു. ആർട്, പ്രവർത്തിപരിചയം, മ്യൂസിക്, കായികം തുടങ്ങിയമേഖലകളിൽ പ്രത്യേക പ്രവർത്തനങ്ങൾ നൽകുന്നു. സ്കൂൾ ആഘോഷങ്ങളിൽ പ്രത്യേക മത്സരങ്ങൾ നടത്തുന്നു. ക്ലാസ് റൂം പ്രവർത്തനങ്ങൾക്കായി എല്ലാ അധ്യാപകരും ടീച്ചിങ് മാന്വലിൽ പ്രത്യേക പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നു.

## സ്റ്റുഡന്റ് പോലീസ് കേഡറ്റ്

എസ്.പി.സി യുടെ പരിശീലനങ്ങൾ പക്ഷേകൾ സാമൂഹിക പ്രവർത്തനങ്ങൾ തുടങ്ങിയ വിദ്യാർത്ഥികളുടെ മാദീരിക മാനസിക സാമൂഹിക മൊത ഉയർത്തുന്നതിന് സഹായകളൊകുന്നു.

## ഗൈഡിംഗ് യൂണിറ്റുകൾ

സ്കൂൾതലത്തിലും ഹസർസെക്കന്റി തലത്തിലും പ്രവർത്തിക്കുന്ന തെഡിന് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വളരെ മികച്ച നിലയിൽ സ്കൂളിൽ നടത്തിവരുന്നു.

## ലിറ്റിൽ കൈറ്റ്സ്

വിവര വിനിമയ സാങ്കേതിക രംഗത്ത് താൽപര്യവും അഭിരുചിയുമുള്ളവരെ കണ്ടെത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്നിന് വിദ്യാലയാടിസ്ഥാനത്തിൽ പൊതുവിദ്യാഭ്യാസവകുപ്പും കൈറ്റും ചേർന്ന് നടപ്പിലാക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. ഇന്ത്യയിലെ കുട്ടികളുടെ ഏറ്റവും വലിയ ഐ.സി.റ്റി. കൂട്ടായ്മയാണിത്. വിവരവിനിമയ സാങ്കേതിക വിദ്യാരംഗത്ത് കുട്ടികൾ സ്വാഭാവികമായി പ്രകടിപ്പിക്കുന്ന താല്പര്യങ്ങളെ സംരക്ഷിക്കുക, സാങ്കേതിക വിദ്യയും സോഫ്റ്റ്വെയറുകളും ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട മൂല്യങ്ങളും സംസ്കാരവും അവരിൽ സൃഷ്ടിക്കുക, വിദ്യാലയങ്ങളിലെ സാങ്കേതിക വിദ്യാധിഷ്ഠിതമായ പഠനപ്രവർത്തനങ്ങളുടെ മികവ് കൂട്ടുക മുതലായ ലക്ഷ്യങ്ങളോടെയാണ് പദ്ധതിയുടെ പ്രവർത്തനങ്ങൾ.

## ജൈവ വൈവിധ്യ പാർക്ക്

വിദ്യാലയവും പരിസരവും പാഠപുസ്തകമാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ സ്കൂർ ക്യാസസ് ഹരിതാഭമാക്കി സംരക്ഷിക്കുന്നു

## സിവിൽ സർവ്വീസ് ആസ്പിരൻസ് ക്ലബ്

വിദ്യർത്ഥികളിൽ പൊതുവിജ്ഞാനം വളർത്തുന്നതിനും അവർക്കു ജീവിതത്തിൽ ഔദ്യോഗിക തലങ്ങളിൽ പ്രവേശനം സംഘടിപ്പിക്കുന്നിതിനമായി സ്കൂളിൽ പ്രവർത്തിക്കുന്ന ഒരു ക്ലബാണ് ഇത് വിദ്യാർത്ഥികളിൽ ലക്ഷ്യബോധമുണർത്തുന്ന നിരവധി പ്രവർത്തനങ്ങൾ ഈ ക്ലബ് നടത്തിവരുന്നു.

## സ്റ്റുഡന്റ് ആക്റ്റിവിറ്റി ഫ്രണ്ടേജ്

സ്കൂളിന്റെ തനതുപ്രവർത്തനങ്ങൾ സജീവമായി ഏറ്റെടുത്ത് നടത്തിവരുന്നത് ഈ സന്നദ്ധസേവന പരിസ്ഥിതി കൂട്ടായ്മയാണ് സ്റ്റുഡന്റ് ആക്റ്റിവിറ്റി ഫ്രണ്ടേജ്.. വിദ്യാർത്ഥികളിൽ സമൂഹിക അവബോധവും വ്യക്തിത്യവും മൂല്യബോധവും വളർത്തിയെടുക്കുന്നതിനായി സാഫ് നടത്തിവരുന്ന പ്രവർത്തനങ്ങൾ, സാമൂഹിക ഇടപെടലുകൾ പരിസ്ഥിതി മേഖലയിലെ സജീവമായപ്രവർത്തനങ്ങൾ ഇവ പൊതുസമൂഹത്തിനും സ്കൂളിന്റെ പ്രസക്തിയും പ്രശസ്തിയും ഏറെ വർദ്ധിപ്പിച്ചു.

## ജൂനിയർ റെഡ് ക്രോസ് (JRC)

ആതുര സേവനരംഗത്തെ ആഗോള സംഘടയായ റെഡ് ക്രോസ് സൊസൈറ്റിയുടെ വിദ്യാർത്ഥി പ്രസ്ഥാനമാണ് ജൂനിയർ റെഡ് ക്രോസ്. ആരോ ഗ്യസംരക്ഷണം, പരോപകാരപ്രവർത്തനം, ലോകസൗഹൃദസ്ഥാപനം ഇവയാണ് ജൂനിയർ റെഡ് ക്രോസിന്റെ പ്രധാന കർമ്മ പരിപാടികൾ. ഇതിലേക്കുള്ള അറിവും പരിശീലനവും നൽകുകയാണ് ജെ.ആർ.സി യൂണിറ്റുകൾ ചെയ്യുന്നത്. ഓരോ ജൂനിയർ റെഡ്ക്രോസ് അംഗങ്ങളും ഈ പദ്ധതിയിലൂടെസ്നേഹത്തിൻറേയും സഹകരണത്തിന്റേയും സംസ്കാരമാണ് നേടുന്നത്.

## പത്രവായനയ്ക്കായി - പത്രമിത്ര

വിവിധ ഏജൻസികളും വ്യാപാരസ്ഥാപനങ്ങളും സ്പോൺസർ ചെയ്യുന്ന ഇംഗ്ലിയ മലയാളം ദിനപത്രങ്ങൽ ലഭ്യമാക്കിയിരിക്കുന്നു. ഇത് സ്വാതന്ത്ര്യമായി വായിക്കുന്നതിനായി സ്കൂൾ മുറ്റത്ത് തന്നെ പത്രവൃത്തം എന്ന പേരിൽ പ്രത്യേക വായനപുര സജ്ജമാക്കിയിരിക്കുന്നു. കൂടാതെ വരാന്തകളിൽ പത്രവായനയ്ക്കായി തയ്യാറ്ക്കിയിരിക്കുന്ന പ്രത്യേക സ്റ്റാന്റുകളിലും പത്രങ്ങൾ ലഭ്യമാക്കിയിരിക്കുന്നു

## ശലഭോദ്യാനം - ശലഭവിഹാർ

ജൈവവൈവിധ്യപഠനത്തിന്റെ ഭാഗമായി ഒരുക്കിയിരിക്കുന്ന ശലഭവിഹാർ, ശലഭനിരീക്ഷണത്തിനും പരിസ്ഥിതി പഠനത്തിനും സംരക്ഷണത്തിനും കുട്ടികൾക്ക് പ്രചോദനം നൽകുന്നു. കൂടാതെ സ്ക്കൂൾ ക്യാമ്പസ് പാരിതാഭമാക്കാൻ അലങ്കാസേസ്യങ്ങളും നട്ടുപിടിപ്പിച്ചു പരിപാലിക്കുന്നു. അന്യം നിന്നു പോകുന്ന സസ്യങ്ങളെ സംരക്ഷിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനുമായി അവയെ സ്കൂൾ ക്യാമ്പസിൽ നട്ടുപരിപാല്ക്കുന്നു.

## ഐടി ബ്ലോക്ക്

ഐടി സ്ഥാപനത്തിനായി പ്രത്യേകം നിർമ്മിച്ചിരിക്കുന്ന സഫിയ ഹജ്ജുമ്മ ഐടി ബ്ലോക്ക് വ്യവസായ പ്രമുഖൻ ഡോ. എം എ യൂസഫലിയുടെ സംഭാവനയാണ്. യുപി. എച്ച്.എസ്, എച്ച് എസ്. എസ് തലങ്ങളിലെ ഐടി ലാബുകൾ ഈ കെട്ടിട സമുച്ചയത്തിൽ സജീകരിച്ചിരിക്കുന്നു.

## മത്സര പരീക്ഷ പ്രത്യേക പരിശീലനം

മത്സരപരീക്ഷകൾ, ക്വിസ് മത്സരങ്ങൾ എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകി കുട്ടികളെ സമ്മജരാക്കുന്നു

## മൾട്ടീമീഡിയ തീയേറ്റർ

പഠനപ്രവർത്തനങ്ങളിൽ ഐ.സി.റ്റി സാധ്യതകൾ ഏറെ പ്രയോജനപ്പെടുത്തുന്നതിനായി ഓഡിയോ വിഷ്യൽ റൂം സൗകര്യവും, ഇന്ററാക്ടീവ് ബോർഡും ഉൾപ്പെടുന്ന മുൾട്ടീമീഡിയ തീയേറ്റർ സ്ഥാപിച്ചിരിക്കുന്നു.

## കളിസ്ഥലം

വിദ്യാർത്ഥിനികൾക്ക് കായിക പരിശീലനത്തിന് യോജിക്കും വിധം വിശാലമായ വിശാലമായ കളിസ്ഥലം. വോളിബാൾ കോർട്ട്, ഇൻഡോർ ഷട്ടിൽ കോർട്ട്, ടേബിൾ ടെന്നീസ് തുടങ്ങിയ സൗകര്യങ്ങൾ.

## കലാകായികരംഗം

കലാകായിക മേളകൾ ശാസ്ത്രോത്സവം എന്നിവയിൽ പരിശീലനങ്ങൾ നൽകുന്നത് കൊണ്ട് സംസ്ഥാന തല മത്സരങ്ങളിൽ വരെ വിദ്യാർത്ഥികൾ പങ്കെടുക്കുന്നതിനും ഉന്നതവിജയം കരസ്ഥമാക്കുന്നതിനും കഴിയുന്നു

## ഔഷധസസ്യ പരിപാലനം

70 ൽ പരം ഔഷധസസ്യങ്ങൾ നട്ടുപരിപാലിക്കുന്നതിനും സാഫിന്റെ വോറിട്ടൊരുപ്രവർത്തനമാണ്. ഔഷധസസ്യങ്ങളുടെയും വൃക്ഷങ്ങളുടെയും പേരുകൾ എഴുതിവച്ചിട്ടുള്ളതുകൊണ്ട് കുട്ടികൾക്ക് നോക്കിക്കണ്ടു പഠിക്കാനും പ്രകൃതിയിലേക്കിറങ്ങുന്നതിനും അവസരങ്ങൾ ലഭിക്കുന്നു.

## പ്രവൃത്തി പരിചയ നിർമ്മാണ വിപണന കേന്ദ്രം

കേരള സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന്റെ പ്രവൃത്തി പരിചയ പരിപാടിയുടെ ഭാഗമായുള്ള സാമൂഹ്യ പ്രാധാന്യമുള്ള ഉല്പന്നങ്ങളുടെ നിർമ്മാണ വിപണന യൂണിറ്റ് (സ്കൂൾ പ്രൊഡക്ഷൻ യൂണിറ്റ്). വിദ്യാർത്ഥികളിൽ തൊഴിൽ സന്നദ്ധത, ഉല്പന്നരംഗത്തെ സ്വാശ്രയത്വം, മാനവശേഷി വികസനം, മൂല്യങ്ങളും മനോഭാവങ്ങളും വളർത്തൽ, തൊഴിൽ ചെയ്യുന്നവരെ ആദരിക്കാനും സാമൂഹികബോധമുള്ള ഒരു പുതിയ സംസ്കാരത്തിന്റെ വക്താക്കളാക്കി കുട്ടികളെ വളർത്താനും ഈ സംരംഭത്തിലൂടെ ലക്ഷ്യമാക്കുന്നു.

## വിമൻ എംപവർമെൻ്റ് പ്രോജക്ട് (WEP)

വനിതകളുടെ സാമൂഹ്യ ഉന്നമനം ലക്ഷ്യമാക്കി വിവിധ തലങ്ങളിലുള്ള പരിശീലനങ്ങൾ നൽകുന്നതിനായി സ്കൂൾ ക്യാമ്പസിൽ പ്രവർത്തനം ആരംഭിച്ച ഡോ. മൂപ്പൻസ് വിമൻ എംപവർമെന്റ് സെന്റർ. വിദ്യാർത്ഥികൾക്കും തൊഴിൽ തേടുന്ന വനിതകൾക്കും ആവശ്യമായ വിവിധ രീതികളിലുള്ള പരിശീലനങ്ങൾ കേരളത്തിലെ പ്രഗത്ഭരായ പരിശീലകരുടെ നേതൃത്വത്തിൽ നൽകുന്നു. വിവിധ മത്സര പരിശീ ലനങ്ങൾ, ഉപരിപഠന നിർദ്ദേശങ്ങൾ, മാതാപിതാക്കൾ, അധ്യാപകർ, സർവ്വവി ദ്യാർത്ഥികൾ എന്നിവർക്കുള്ള വിവിധ പരിശീലനങ്ങൾ, വിവാഹപൂർവ്വ - വിവാഹാനന്തര കൗൺസിലിങ് തുടങ്ങിയ വിവിധങ്ങളായ പരിപാടികൾ വിമൻ എംപവർമെന്റ് പ്രോജക്ടിന്റെ ഭാഗമായി നടക്കുന്നു.

## ലൈബ്രറി

വിശാലമായ സൗകര്യങ്ങളോടു കൂടിയ ലൈബ്രറി. കുട്ടികൾക്കും അധ്യാപകർക്കും ഉപകാരപ്പെടും വിധം ഡിജിറ്റലൈസ് ചെയ്ത മുഴുവൻ സമയ ലൈബ്രേറിയനോട് കൂടിയ ലൈബ്രറി.

## പെൺകുട്ടികൾക്ക് സ്കൂൾ ഹോസ്റ്റൽ

IDMI ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിച്ച ഹോസ്റ്റൽ സ്കൂൾ കാമ്പസിൽ പ്രവർത്തിക്കുന്നു. പെൺകുട്ടികൾക്ക് മികച്ച പഠനാന്തരീക്ഷവും ഏറെ മെച്ചപ്പെട്ട താമസസൗകര്യവും ഇവിടെ ഒരുക്കിയിരിക്കുന്നു.

## എം.ഇ.ടി. പഠനസഹായ പദ്ധതി

5 മുതൽ +2 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000/- രൂപ (10 മാസത്തേയ്ക്ക്) വീതം നൽകുന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഉദാരമതികളായ ട്രസ്റ്റ് അംഗങ്ങളുടെയും അദ്ധ്യാപകരുടെയും മറ്റും സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണിത്.

## പൂർവ വിദ്യാർത്ഥി അസോസിയേഷൻ

ഈ സ്കൂളിൽ നിന്നും പഠനം പൂർത്തീകരിച്ച എല്ലാ വിദ്യാർത്ഥിനികളെയും ഉൾപ്പെടുത്തി സ്കൂളിന്റെ പുരോഗതിയിലും സാമൂഹ്യ സാംസ്കാരിക പ്രവർത്തനങ്ങളിലും സഹകരിച്ച് പ്രവർത്തിക്കുന്ന രജിസ്ട്രേഡ് പൂർവ വിദ്യാർത്ഥി അസോസിയേഷൻ സ്കൂളിൽ പ്രവർത്തിക്കുന്നു. സഹപഠിതാക്കളോടുള്ള ബന്ധം നിലനിർത്താനും, പൂർവ വിദ്യാർത്ഥികളെ സഹായിക്കുന്ന വിവിധ സേവനങ്ങൾ, ചാരിറ്റി പ്രവർത്തനങ്ങൾ തുടങ്ങിയവ നടപ്പിലാക്കാനും നിർധനരും അർഹരുമായ വിദ്യാർത്ഥികളെ സഹായിക്കാനും ഇതുവഴി സാധിക്കുന്നു. സ്കൂളിന്റെ മികവിനെ പിന്തുണക്കുന്നതിനും മുന്നേറ്റങ്ങളെ സഹായിക്കുന്നതിനും സമൂഹത്തിലെ ചാലകശക്തിയായും ഈ കൂട്ടായ്മ പ്രവർത്തിക്കുന്നു.

**ഉണ്ണൊരുമ**

പൊതുവിദ്യാഭ്യാസവകുപ്പ് നടപ്പിലാക്കുന്ന ഉച്ചഭക്ഷണ പദ്ധതി വിഭവസമൃദ്ധമായ ഭക്ഷണ വിഭവങ്ങൾ നൽകി നടപ്പിലാക്കുന്നു. കുട്ടികൾക്ക് ഭക്ഷണം കഴിക്കുന്നതിന് വിപുലമായ ഇരിപ്പിട സൗകര്യം.

**ഹൃദ്യം പദ്ധതി**

പ്രഭാതഭക്ഷണം നൽകുന്നതിനായി സ്കൂൾ മാനേജ്മന്റ് ട്രസ്റ്റ് ആഭിമുഖ്യത്തിൽ പ്രതിദിനം കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നു.

**സ്കൂൾ ബസ്**

പ്രദേശത്തെ എല്ലാ മേഖലയിൽ നിന്നും സ്കൂളിലേക്ക് വാഹന സൗകര്യം. അർഹരായ കുട്ടികൾക്ക് ഈ സൗകര്യം സൗജന്യമാണ്.

**ചുമതലനിർവ്വഹണ കമ്മിറ്റികൾ**

സ്കൂളിനെ വിവിധങ്ങളായ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് അധ്യാപകരെ ഒൻപതു കമ്മിറ്റികളിൽ ഉൾപ്പെടുത്തി ഓരോ കൺവീനർമാരെയും ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും നിർദ്ദേശങ്ങൾ നൽകുന്നതിനുമായി ഹെഡ്മിസ്ട്രസിന്റെ നേതൃത്വത്തിൽ ഒരു മോനിട്ടറിംഗ് ടീമും പ്രവർത്തിക്കുന്നു.

# CLUBS, ASSOCIATIONS & FORUMS

**HIGHER SECONDARY SECTION**

1. National Service Scheme (NSS)
2. Bharath Scout & Guide
3. Career Guidance & Councelling cell
4. Souhridha Club
5. ASAP
6. Science Association
7. Humanities Association
8. Commerce Association

**SCHOOL SECTION**

1. SAF Nature Club, Forestry Club
2. Student Police Cadet (SPC)
3. Little Kites
4. Bharath Scout & Guide
5. Juniour Red Cross (JRC)
6. Civil Service Aspirants Club
7. Vidyarangam Kalasahithya Vedi
8. Dairy Club
9. Sargam
10. Health Club
11. English Club
12. Hindi Club
13. Science Club
14. Social Science Club
15. Mathematics Club
16. Lahari Virudha Club

| ഹൈസ്കൂൾ - മലയാളം-1ST | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതീകം | ചുമതല/ സാമ്പത്തികം |
| 1) ഭാഷാപരമായ പിന്നോ ക്കാവസ്ഥ പരിഹരിക്കൽ | 1. പ്രീ ടെസ്റ്റ് | 2 മാസം | പുസ്തകങ്ങൾ | പി.ടി.എ |
| | 2. അക്ഷരം ഉറപ്പിക്കൽ | ജൂൺ | ചിത്രങ്ങൾ | അധ്യാപകർ |
| | 3. അടയാളം ഉറപ്പിക്കൽ | ജൂലൈ ആഗസ്റ്റ് | | കൺവീനർ |
| | 4. അക്ഷര കാർഡ് നൽകൽ | | | |
| | 5. വാക്കുകൾ എഴുതിയ കാർഡ് | UP HS | | |
| | 6. വാക്കുകൾ നിർമ്മിക്കുക | | | |
| | 7. വാക്യങ്ങൾ നിർമ്മിക്കൽ | | | |
| | 8. ചിത്രം-അടിക്കുറിപ്പ് | | | |
| | 9. ചിത്രം- കഥ എഴുതൽ | | | |
| വായനാദിനം | 10. ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക ക്ലാസ് | ജൂൺ -19/ വായനാമാസാചരണം | | |
| | | | | |
| 21 കുട്ടിയെ മികച്ച വായന ക്കാരനാക്കുക. | 1. ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | ആഗസ്റ്റ് | ക്ലാസ് ലൈബ്രറി | പി.ടി.എ |
| | 2. സ്കൂൾ ലൈബ്രറി നവീകരിക്കൽ | സെപ്തംബർ | സ്കൂൾ ലൈബ്രറി | അധ്യാപകർ |
| | 3. സമീപ ഗ്രന്ഥശാല അംഗത്വം | ഒക്ടോബർ | പത്രങ്ങൾ | കൺവീനർ |
| | 4. വായനോത്സവം സംഘടിപ്പിക്കൽ | നവംബർ | ആനുകാലിക പ്രസിദ്ധീകരണങ്ങൾ | |
| | 5. പത്രവായന | ഡിസംബർ | ഇന്റർനെറ്റ് | |
| | 6. പുസ്തക ചർച്ച | ജനുവരി | കമ്പ്യൂട്ടർ | |
| | 7. വായനാനുഭവം | ഫെബ്രുവരി | | |
| | 8. വായനാക്കുറിപ്പ് പതിപ്പ് | 6 മാസം | | |
| | 9. വിദ്യാരംഗം കലാസാഹിത്യവേദി പ്രവർത്തനം | തുടർപ്രവർത്തനങ്ങൾ | | |
| | 10. ദിനാചരണം | HS UP | | |
| | 11. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം | | | |
| | 12. ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും | | | |
| | 13. ആസ്വാദകരമായ വായന | | | |
| | 14. ഇ-വായന | | | |

# ഹൈസ്കൂൾ - മലയാളം-2

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല/ സാമ്പത്തികം |
|---|---|---|---|---|
| 3) കുട്ടിയെ മികച്ച എഴുത്തു കാരനാക്കുക | 1. എഴുത്തുകൂട്ടം രൂപീകരണം | ജൂൺ -നവംബർ | ലൈബ്രറി | പി.ടി.എ |
| | 2. പുസ്തക ചർച്ച | 6 മാസം | പുസ്തകങ്ങൾ | അധ്യാപകർ |
| | 3. വായനക്കുറിപ്പ് | | ഫോട്ടോകൾ | |
| | 4. വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ | | പുസ്തകങ്ങൾ | |
| | 5. ചുമർ പത്രിക | | | |
| | 6. സർഗസൃഷ്ടികളുടെ പുസ്തകം തയ്യാറാക്കൽ | | | |
| | 7. വ്യക്തിഗത രചന, സംഘ രചന | | | |
| | 8. ഭാഷ പ്രോജക്ട് | | | |
| | 9. സാഹിത്യകാരന്മാരുമായുള്ള അഭിമുഖം, സംവാദം | | | |
| | 10. സാഹിത്യ- സാംസ്കാരിക ചിത്ര ഗ്യാലറി | | | |
| 4) സദസ്സിനെ അഭിമുഖീകരിക്കാൻ പ്രാപ്തരാക്കുക | 1. പ്രസംഗ പരിശീലന കളരി | (ജൂലൈ ഫെബ്രുവരി ) | ഓഡിയോ | ട്രൈയിനർ |
| | 2. വിവിധ വിഷയങ്ങൾ നൽകി പ്രസംഗം തയ്യാറാക്കുക | | | അധ്യാപകർ |
| | 3. മികച്ച പ്രസംഗങ്ങളുടെ ഓഡിയോ വീഡിയോ എന്നിവ കേൾപ്പിക്കുന്നു. | | | |
| | 4. പ്രസംഗം അവതരിപ്പിക്കുന്നതിനുള്ള വേദികൾ സജ്ജമാക്കുക. | | | |

## MUSLIM GIRLS HSS ERATTUPETTA
## അക്കാദമിക മാസ്റ്റർ പ്ലാൻ
### മേഖല : ഹൈസ്ക്കൂൾ - ഇംഗ്ലീഷ്

| Sl.No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്താൻ പ്രാപ്തരാക്കുക | SPOKEN ENGLISH CLASS<br>ENGLISH LIBRARY RENOVATION<br>MORNING ENGLISH ASSEMBLY | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | PTA , Teachers | PTA , Management |
| 2 | ഇംഗ്ലീഷിലുള്ള ആവിഷ്കാരങ്ങൾക്ക് അവസരം ഒരുക്കുക. | Cinema & Documentary -<br>Profile & Script തയ്യാറാക്കുന്നതിന് വേണ്ടി ഇംഗ്ലീഷ് സിനിമയുടെ ചില രംഗങ്ങൾ പ്രദർശിപ്പിക്കുന്നു<br>റോൾപ്ലേ, ഇംഗ്ലീഷ് ഡേ ആചരണം,<br>പ്രശസ്തരായ ഇംഗ്ലീഷ് കവികളുടെ കവിതകൾ തെരഞ്ഞെടുത്ത് കൊറിയോഗ്രാഫി തയ്യാറാക്കി ഇംഗ്ലീഷ് ക്ലബ്ബ് അടിസ്ഥാനത്തിൽ ദൃശ്യ ആവിഷ്കാരം നടത്തുന്നു. | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | English teachers | English Club,<br>Management |
| 3 | സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക | പബ്ലിക് സ്പീക്കിംഗ് ,<br>ഇംഗ്ലീഷ് പത്രവായന,<br>പത്രവാർത്തകൾ തയ്യാറാക്കൽ,<br>എന്റെ ഡയറി,<br>ഇംഗ്ലീഷ് ന്യൂസ് റീഡിങ് | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം,<br>സ്ക്കൂൾ അസംബ്ലി | PTA , Teachers | Teachers |
| 4 | നാടകീകരണം | English Assembly,<br>Skit, English Lab | ക്ലാസ് റൂം പ്രവർത്തനങ്ങളോടൊപ്പം | PTA , SRG, Teachers | PTA |
| 5 | കവിത ആലാപനത്തിനും കവിതാരചനയ്ക്കും പ്രാപ്തരാക്കുന്നു | ഇംഗ്ലീഷ് ഓഡിയോ കേൾക്കുവാനുള്ള അവസരം,<br>ബുക്ക് റിവ്യൂസ്,<br>രചനങ്ങളുടെ പ്രദർശനം (മാഗസിനുകൾ),<br>കവിതാരചന-ആലാപന മത്സരങ്ങൾ,<br>ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ | പ്രധാന ദിനാചരണങ്ങളോട് അനുബന്ധിച്ച് | English teachers | English Club, PTA<br>Management |
| 6 | സാങ്കേതികവിദ്യ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക | English Fest,<br>English film കാണാനുള്ള അവസരം | അക്കാദമിക വർഷത്തിൽ ഒന്ന് | English Club | English Club<br>PTA |

# ACADEMIC MASTER PLAN U.P ENGLISH 2025-26

## GLANCE OVER THE TALE (STORY READING)

ACTIVITIES

*We provide a reading card for every student weekly once. We ensure the reading and listening.*

AIM

**For improving the pronunciation and intonation of the students.*

**Ensure reading habits among the students*

**They get idea about different types of sentences*

**Helps to develop vocabulary and style of reading*

DURATION

*One Academic year*

TEACHER IN CHARGE

*All English Teachers*

BUDJET

*Nil*

## I.C.T for developing L.S.R.W Skills

ACTIVITIES

*We decide to provide ICT classes twice a month for improving the LSRW Skills of the students, especially emphasises on listening skills.*

AIM

**Enhance the listening and writing ability*

**Got the opportunity to hear speeches of native speakers*

DURATION

*One period twice of month (total 2 period) one in November and February*

TEACHER IN CHARGE

*Concerned English teacher*

BUDJET

*Nil*

## ***ROLE PLAY***

### ACTIVITIES

*We decided to conduct role play class wise. Students can enact their favourite character from their favourite story.*

### AIM

**Develops Creativity*

**Ensure active participation of students*

**Students can grasp the character traits of every character*

**Can introduce a learning by doing technique in language learning.*

### DURATION

*For all chapters in an academic year*

### TEACHER IN CHARGE

*Concerned English teacher*

### BUDJET

*Nil*

## NEWS READING

ACTIVITY

*Weekly news reading in English by the students in classroom we select mondsy for the process*

AIM

**Improves L.S.R.W skills*

**Understanding the style of news reading*

**Know more about the selection of breaking news*

**Understand how to write news briefly without skipping the highlights*

**All students become updated in contemporary issues*

DURATION

*2min/5min from the first period weekly (Monday)*

TEACHER IN CHARGE

*Concerned class teachers*

BUDJET

*Nil*

## BUDDING WRITERS

ACTIVITY

*Students have to write their own short stories or poems. The best stories and poems will be displayed on the Lingua learn(English wall)*

AIM

**To enhance the creativity among students*

**To identify the creative writers among students*

**For improving writing skills*

DURATION

*Per month*

TEACHER IN CHARGE

*Concerned English teachers*

BUDJET

*Nil*

## TALK IN TWO MINUTES

ACTIVITY

*For improving the speaking skill by giving an opportunity for every student to speak/talk in English for 2 minutes daily at the time of English period.*

AIM

**Get an opportunity to speak in English*

**Get a confidence to speak in foreign language*

**Develops speaking and thinking skills of the students*

DURATION

*One academic year*

TEACHER IN CHARGE

*All English teachers*

*BUDJET*

*Nil*

## ONE BOOK ONE MONTH

ACTIVITY

*The process not only gave emphasise and interest in developing reading skill but also thinking and understanding skills too. We distribute English books among students and ask them to read and write its review at the end of the month. We collect this review to form a magazine to the end of the academic year*

AIM

**Develop reading habits*

**Get acquaint with various genres in English*

**Identification of different writing styles*

**It improves LSRW skills*

**Helps to know more about literary writers*

**Improves creative thinking*

DURATION

*One book per month (one whole academic year)*

TEACHER IN CHARGE

*Concerned English teachers*

BUDJET

*Nil*

## ENGLISH ASSEMBLY

ACTIVITY

*Monthly assemblies are conducted in English. The programmes in assembly are in English like prayer.thought for the day, small speeches, news reading etc.*

AIM

*Improves the confidence in public speaking in English*

*Helps to reduce stage fear of students while they use English language*

*Improves the listening skill of all students gathering in assembly.*

DURATION

*Monthly for whole academic year*

TEACHER IN CHARGE

*All English teachers*

BUDJET

*Depends on the programmes in assembly*

## LINGUA LEARN (ENGLISH WALL)

ACTIVITY

*Students can paste creative activities and writings in English like quizzes, quotes, creative conversations, posters etc.*

AIM

**Improves creativity among students*

**Improves interest in English language*

**Try to write their own listening works*

DURATION

*One whole academic year*

TEACHER IN CHARGE

*All U.P English Teachers*

BUDJET

*Nil*

## MAGAZINE FOR ENGLISH

ACTIVITIES

*This is for collecting the creative writing and other activities in English and we also add the reviews of books( as part of one book one month) in the magazine. We decided to publish it at the end of the academic year.*

AIM

******Develop creative writings*

**Develop interest in learning English*

**Satisfaction from recording and publishing their writings*

**We can use this for reference and as a model for coming years*

DURATION

*One academic year*

TEACHER IN CHARGE

*Concerned English teachers*

BUDJET

*Nil*

## ENGLISH FEST (LINGUA FEST)

*At the end of the academic year, we decided to conduct a farewell to English club members of 10$^{th}$ standard students and a closing session of our English club named lingua francia. We named our fest as Lingua Fest. We plan a lot of cultural activities following with our lingua fest.*

AIM

**To develop interest in joining English club*

**Get opportunity to perform programmes in English language*

**By capturing it we can show the improvement of English learning in public schools*

**We can generate the fame of our club activities to public*

DURATION

*1 hour from a working day at the end of an academic year*

TEACHER IN CHARGE

*All English teacher (U.P & H.S)*

BUDJET

*Approx.. 3000/-*

| Accademic master plan Hindi | | | | HS |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| *എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ വായിക്കാനും എഴുതാനുമുള്ള ശേഷി വർദ്ധിപ്പിക്കൽ *ഹിന്ദി ഭാഷയോടുള്ള താത്പര്യം വർദ്ധിപ്പിക്കൽ | *വർക്ക് ഷീറ്റുകൾ നൽകുന്നു. ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കാൻ നൽകുന്നു. *പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട പോസ്റ്റർ നിർമ്മാണം. വായനാദിനവുമായി ബന്ധപ്പെട്ട് വായനാദിന മത്സരങ്ങൾ. | ജൂൺ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യപകർ |
| *ഹിന്ദി സാഹിത്യകാരനായ പ്രേംചന്ദിനെ കുറിച്ചുള്ള അറിവ് കുട്ടികളിലേക്ക് എത്തിക്കുക. | *പ്രേംചന്ദ് ജയന്തി ക്വിസ് കോമ്പറ്റീഷൻ | ജൂലൈ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |
| *നാമം, സർവ്വനാമം, വിശേഷണം എന്നിവ മനസ്സിലാക്കുന്നു. | *വാക്യങ്ങളിൽ നിന്നും നാമം സർവ്വനാമം വിശേഷണം എന്നിവ കണ്ടെത്താൻ പറയുന്നു. | ഓഗസ്റ്റ് | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |
| *ഹിന്ദിഭാഷയെ കുറിച്ചുള്ള അറിവ് കുട്ടികളിൽ എത്തിക്കൽ | *കവിത ചൊല്ലൽ മത്സരം *ഹിന്ദി ദിനം | സെപ്റ്റം മ്പർ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |
| *ഹിന്ദി കുട്ടികളിലേക്ക് എത്തിക്കുക | *ഹിന്ദി വാർത്താ വായന *ഹിന്ദി അസംബ്ലി | *എല്ലാ മാസവും | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |

| | | | | |
|---|---|---|---|---|
| | | ആഴ്ചയിൽ ഒന്ന് മാസത്തിൽ ഒന്ന് | | |
| *കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു | *ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുന്നു അവതരിപ്പിക്കുന്നു | ഒക്ടോബർ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |
| *പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു | *വിവിധ വിഷയങ്ങളിൽ പോസ്റ്റർ തയ്യാറാക്കി ക്ലാസിൽ അവതരിപ്പിക്കുന്നു | നവംബർ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |
| *കലോത്സവത്തിന് കുട്ടികളെ സജ്ജരാക്കൽ | *ഹിന്ദി പ്രസംഗം കഥാരചന പദ്യം ചൊല്ലൽ പ്രസംഗം എന്നിവയ്ക്ക് കുട്ടികളെ തയ്യാറാക്കുന്നു | ഡിസംബർ | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |
| *വിശ്വ ഹിന്ദി ദിവസത്തിൻ്റെ പ്രാധാന്യം കുട്ടികളിൽ എത്തിക്കൽ | *ഹിന്ദി ക്ലബ് വിളിച്ചുകൂട്ടി വിശ്വ ഹിന്ദി ദിവസത്തെ കുറിച്ച് കുട്ടികൾക്ക് അവബോധം നൽകൽ | ജനുവരി | ഹിന്ദി അധ്യാപകൻ | ഹിന്ദി അധ്യാപകർ |

മേഖല : അക്കാദമികം ( 2025-26) ഹിന്ദി ഭാഷാപഠനം **യൂ പി** ക്ലാസ്

| നമ്പർ | ലക്ഷ്യം :.ഹിന്ദി ഭാഷാ പഠനം (LSRW) ലൂടെ. | പ്രവർത്തനങ്ങൾ | കാലദൈർഘ്യം | ചുമതല | സാമ്പത്ത വിശകല |
|---|---|---|---|---|---|
| 1 | 5,6,7 ക്ലാസ് അക്ഷര ബോധം <u>ഉറപ്പിക്കൽ ഹിന്ദി ഇഷ്ടപെടാനും അവസരം ഒരുക്കുക, പഠിപ്പിച്ചെടുക്കുക</u> | ★ പുതിയ പദങ്ങൾ, പദ്യങ്ങൾ ചൊല്ലുന്നതോടൊപ്പം; അതിൽ വരുന്ന ഹിന്ദി അക്ഷരങ്ങൾ ചിഹ്നത്തോചു കൂടി വായിച്ചു മനസ്സിലാക്കുകയും ( ചിത്രങ്ങൾ, ഓഡിയോ – വീഡിയോ, അക്ഷരമാ ചാർട്ട്, ഫ്ലാഷ് കാർഡ് മുതലായവ കാണിക്കയും, വായനയും) . | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | പി റ്റി പ |
| 2 | <u>ഹിന്ദി വായന</u> തെറ്റു കൂടാതെ ഹിന്ദിരചനകൾ വായിക്കാനുള്ള ശേഷി വളർത്തൽ (5,6,7 ക്ലാസ്) | ★ നിരന്തരം പുസ്തകം വായിച്ചു കേൾപ്പിക്കുകയും. ഹിന്ദി കേൾക്കുന്നതിലേക്കു ആകർഷണം വരുന്നതിനായി ഹിന്ദി കവിതകൾ, പാട്ടുകൾ, ചലച്ചിത്രങ്ങൾ എന്നിവ കാണിക്കും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | ക്ലബ് |

| | | | | | |
|---|---|---|---|---|---|
| | | ഹിന്ദി ദിനാചരണങ്ങൾ ക്ലബ്ബ് മുഖാന്തരം വിവിധ മത്സരങ്ങൾ നടത്തും. | | | |
| 3 | ഹിന്ദി സംസാരം ഹിന്ദിയിൽ സംസാരിക്കുന്നതിനുള്ള കഴിവ് വളർത്തിയെടുക്കൽ. . 5,6&7 ക്ലാസ്സ് | ★ ക്ലാസ്സുകളിൽ ഹിന്ദി സംസാരത്തിലൂടെ കുട്ടികളിൽ ഹിന്ദി ഭാഷാ കൈകര്യം ചെയ്യുന്നതിനുള്ള അന്തരീക്ഷം സൃഷ്ടിച്ചെടുക്കും. (നമസ്തേ ബച്ചേ സേ ദന്യവാദതക്ക്)<br>★ വായനയിൽ ശ്രദ്ധ കേന്ദ്രികരിക്കാനായി ഹിന്ദി തെറ്റിച്ച് അദ്ധ്യാപകൻ വായിക്കും. Reading fight മത്സര വായന: തെറ്റില്ലാതെ ആവർത്തനം വരാതെ കൂടുതൽ വരികൾ വായിക്കുന്നവർക്ക് സമ്മാനം നൽകൽ.<br>★ ദിനാചരണങ്ങളിൽ ഹിന്ദി വായന, കവിതാലാപനം News reading - എന്നിവയ്ക്ക് കൂടുതൽ മുൻഗണന നൽകും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപകർ | പിറ്റിഎ |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 4 | <u>എഴുത്ത് വർദ്ധിപ്പിക്കൽ 5,6,&7 ക്ലാസ്</u> | ★ ഹിന്ദി കഥ – കവിത, പോസ്റ്റർ തുടങ്ങി രചന മത്സരങ്ങൾ, പാഠഭാ ത്തോടൊപ്പം ദിനാചരണ മത്സര ഇനങ്ങളാക്കി കുട്ടികളിൽ സർഗ്ഗാത്മക ക്ഷമത പ്രോത്സാഹിപ്പി ക്കും. കൂടാതെ കൈയക്ഷര മത്സരവും.നടത്തും. | ജൂൺ മുതൽ ഫെബ്രുവരി വരെ | ഹിന്ദി അദ്ധ്യാപക ർ | പിറ്റി |

Accadamic master plan Social Science ((HS)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)കുട്ടികളുടെ ഉന്നത നിലവാരം വർധിപ്പിക്കാനുതാകുന്ന പൊതു വിജ്ഞാപനം വളർത്തുന്നു | ഈരാറ്റുപേട്ട ഉപജില്ലയിലെ എല്ലാ സ്കൂളുകളെയും ഉൾകൊള്ളിച്ചു കൊണ്ട് ഒരു ക്വിസ് മത്സരം നടത്താൻ ഉദ്ദേശിക്കുന്നു | ജൂൺ | സാമൂഹ്യ ശാസ്ത്ര അദ് ധ്യാപകർ | മാനേജ്മെന്റ് |
| 2)പഠിതാക്കളെ ചരിത്ര ബോധമുള്ളവരാക്കുക ചരിത്ര ബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക | *ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലെയ്ക്ക് ഫീൽഡ്ട്രിപ്പ് സംഘടിപ്പിക്കുന്നു | *നിശ്ചയിച്ച തീയതികളിൽ | *സാമൂഹ്യ ശാസ്ത്ര അധ്യാപകർ | *സാമൂഹ്യ ശാസ്ത്ര അധ്യാപകരും കുട്ടികളും |
| 3)പുരാവസ്തുക്കളെ കുറിച്ചും, ചരിത്ര പ്രാധാന്യമുള്ള ദൃശ്യവിഷ്കാരണത്തിലൂടെ കുട്ടികളിലെ നിരീക്ഷണപാടവം വർധിപ്പിക്കുകയും മുന്നറിവുകളെ സാംശികരിക്കുവാൻ സഹായിക്കുകയും ചെയ്യുന്നു | സ്കൂളിലെ മുഴുവൻ വിദ്യാർഥികളെയും ഉൾകൊള്ളിച്ചു കൊണ്ടു സോഷ്യൽ സയൻസുമായി ബന്ധപ്പെട്ട് പ്രദർശനം നടത്താൻ | സെപ്റ്റംബർ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | മാനേജ്മെന്റ് |
| 4)സ്കൂൾ, പാർലമെന്റ്,ജനാധിപത്യം ഒരു ജീവിത ശൈലിയായി മാറ്റിയെടുക്കുക, പൗര ബോധം, മൂല്യ ബോധം ഇവ വളർത്തുക | *ഒന്നായി നമ്മൾ:---- സ്കൂൾ പാർലമെന്റ്, പൗര ബോധം, സാമൂഹ്യ സേവനം, ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുക | ആകാദമിക വർഷത്തിലെപ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സ്കൂൾ, കുട്ടികൾ, സുമനസുകൾ |

Academic master plan- Social Science (UP)

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1)കുട്ടികളുടെ പഠന നിലവാരം വർധിപ്പിക്കുന്നതിനു തക്കുന്ന പൊതുവിജ്ഞാനം വളർത്തുക | ഈരാറ്റുപേട്ട ഉപജില്ലയിലെ എല്ലാ സ്കൂളികളെയും ഉൾപ്പെടുത്തി കൊണ്ടു ഒരു ക്വിസ് മത്സരം നടത്താൻ ഉദ്ദേശിക്കുന്നു | ജൂലൈ 11 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ മാനേജ്മെന്റ് | മാനേജ്മെന്റ് |
| 2)ആണവ സ്ഫോടനം മനുഷ്യ ജീവിതത്തിൽ ഉണ്ടാക്കിയ മഹാവിപത്തുകളെ കുറിച്ച് കുട്ടികളെ ബോധവാന്മാക്കുന്നു | അഞ്ച്, ആറ്, ഏഴ് ക്ലാസ്സിലെ കുട്ടികൾ ഹിരോഷിമ, നാഗസാക്കി ദിനത്തിനോട് അനുബന്ധിച്ച പോസ്റ്റർ തയ്യാറാകുന്നു | അഗസ്റ്റ് 6 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | |
| 3)പഠിത്താക്കളെ ചരിത്രബോധം ഉള്ളവര്ക്കുന്നു | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലെ ഫ്ലീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു | | | സാമൂഹ്യ ശാസ്ത്ര അധ്യാപകരും കുട്ടികളും |
| 4)പൂർവ്വികാരുടെ ജീവിതരീതികൾ കുട്ടികൾ മനസ്സിലാക്കുക | കുട്ടികൾ അവരവരുടെ വീടുകളിൽ നിന്നും പുരാവസ്തുക്കൾ കൊണ്ടുവരുന്നു. സ്കൂളുകളിൽ പ്രദർശിപ്പിക്കുന്നു. | നിശ്ചിത തിയതികളിൽ | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | സാമൂഹ്യ ശാസ്ത്ര അധ്യാപകരും കുട്ടികളും |
| | ഈരാറ്റുപേട്ട ഉപ ജില്ലയിലെ LP സ്കൂളിൽ നിന്നും കുട്ടികൾ പ്രദർശനം കാണാനായി എത്തിക്കുന്നു | സെപ്റ്റംബർ അവസാനം | സാമൂഹ്യ ശാസ്ത്ര അധ്യാപകർ | മാനേജ്മെന്റ് |
| | ഒന്നായി നമ്മൾ:-- സ്കൂൾ പാർലമെന്റ്, മോക്ക് | | | |

| | | | | |
|---|---|---|---|---|
| 5)സ്കൂൾ പാർലമെന്റ്<br>ജനാധിപത്യം ഒരു ജീവിതശൈലി യായി മാറ്റിയെടുക്കുക, പൗരബോധം, മൂല്യ ബോധം ഇവ വളർത്തുക<br><br>6)HS & UP കുട്ടികൾ ഉൾപ്പെടുത്തി ഒക്ടോബർ 2 അനുബന്ധിച്ച ക്വിസ്<br><br>*സേവനവാരം | പാർലിമെന്റ്, പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്ന<br><br>ഗാന്ധിജിയുടെ ചരിത്രവും, പൊതുവിജ്ഞാനവും ഉൾപെടുത്തിയുള്ള ചോദ്യങ്ങൾ<br>*സ്കൂളിലെ എല്ലാ കുട്ടികളും ഉൾപ്പെടുത്തി സേവനവാരം | അക്കാദമിക വർഷത്തിലെ പ്രത്യേകം തിരഞ്ഞെടുത്ത ദിനങ്ങളിൽ<br><br>ഒക്ടോബർ 1 | സാമൂഹ്യ ശാസ്ത്ര അധ്യാപകർ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകരും കുട്ടികളും | സ്കൂൾ കുട്ടികൾ സുമനസ്സുകൾ<br><br>സാമൂഹ്യ ശാസ്ത്ര അധ്യാപകർ മനേജ്മെന്റ് |

**SCIENCE DEPARTMENT (UP&HS)**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്ര വിഷയത്തിൽ കുട്ടികളുടെ അഭിരു ചിയും, അറിവും വർദ്ധിപ്പിക്കൽ, ശാസ്ത്ര സിദ്ധാന്തങ്ങൾ പ്രായോഗികമായി അനുഭവിക്കൽ | UP & HS | JULY(1 DAY) | SCIENCE CLUB | PTA |
| കഠിനാധ്വാനം സമർപ്പണം, സ്വപ്നങ്ങൾ എന്നിവയി ലൂടെ Dr. A P J Abdul Kalam നേടിയ വിജയങ്ങൾ കുട്ടികളിൽ പ്രചോദനം സൃഷ്ടിക്കൽ | i. വീഡിയോ പ്രദർശനം(Science club members)<br>ii. Quiz (UP&HS) | JULY (2 DAYS) | SCIENCE CLUB | MANAGEMENT AND SCIENCE CLUB |
| ചാന്ദ്ര പ്രതിഭാസങ്ങൾ ചന്ദ്രനിലേക്കുള്ള മനുഷ്യന്റെ യാത്രാചരിത്രം എന്നിവയെ കുറിച്ചുള്ള അവബോധം ഉണർത്തൽ | i. വിസ്മയയാത്ര<br>ii. വീഡിയോ പ്രദർശനം(Science club members) | JULY (1 DAY) | SCIENCE CLUB | MANAGEMENT AND SCIENCE CLUB |

| | | | | |
|---|---|---|---|---|
| പരിസ്ഥിതി സംരക്ഷണത്തെ കുറിച്ച് ബോധവത്കരിക്കൽ, ഓസോൺ പാളിയുടെ പ്രാധാന്യം, അതിന്റെ നാശം ഉണ്ടാക്കുന്ന ഹാനികരമായ വിപത്തുകൾ എന്നിവയെ കുറിച്ചുള്ള ധാരണ ഉണ്ടാക്കൽ | POSTER DESIGNING(UP) | SEPTEMBER (1 DAY) | NATURE CLUB | PTA |
| സ്വയം പരീക്ഷണങ്ങൾ നടത്തി അറിവ് നേടൽ, കണ്ടെത്തലുകൾ വഴി മനസ്സിലാക്കൽ, സംഘഭാവന, അവതരണശൈലി, പ്രശ്നപരിഹാര ശേഷി തുടങ്ങിയ നൈപുണികൾ വളർത്തൽ | PROJECT(SCIENCE CLUB MEMBERS) | OCTOBER | SCIENCE CLUB | MANAGEMENT & SCIENCE CLUB |
| ബഹിരാകാശശാസ്ത്രത്തിൽ താത്പര്യം വളർത്തൽ, ശാസ്ത്രപരമായ ചിന്തയും, അന്വേഷണശേഷിയും ഉത്തേജിപ്പിക്കൽ, | i. SEMINAR(HS)<br>ii. PHOTO പ്രദർശനം(SCIENCE CLUB MEMBERS) | OCTOBER (1 WEEK) | SCIENCE CLUB | MANAGEMENT & SCIENCE CLUB |

| | | | | |
|---|---|---|---|---|
| നൂതന സാങ്കേതിക മുന്നേറ്റങ്ങളെ പരിചയപ്പെടൽ | | | | |
| ശാസ്ത്രീയ കണ്ടുപിടുത്തങ്ങളെ കുറിച്ചുള്ള ബോധവും താത്പര്യവും വർദ്ധിപ്പിക്കൽ, സി വി രാമൻ്റെ ജീവിതവും ശാസ്ത്രീയ സംഭാവനകളും മനസ്സിലാക്കൽ | i. BOOK REVIEW (SCIENCE CLUB MEMBERS)<br>ii. പുസ്തകപ്രദർശന ◌ം | FEBRUARY (1 DAY) | SCIENCE CLUB | MANAGEMENT & SCIENCE CLUB |

## MUSLIM GIRLS HSS ERATTUPETTA
## അക്കാദമിക മാസ്റ്റർ പ്ലാൻ

### മേഖല : ഹൈസ്ക്കൂൾ - ഗണിതശാസ്ത്രം

| Sl.No. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | ആശയധാരണ<br>കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി<br>പഠനത്തിൽ പിന്നോക്കം<br>നിൽക്കുന്ന കുട്ടികളെ<br>കണ്ടെത്തുന്നു .<br>ഗണിത ക്ലിനിക്ക് | ജൂൺ ആദ്യവാരം | മുന്നോക്കം നിൽക്കുന്ന കുട്ടികൾ,<br>അധ്യാപകർ | |
| 2 | നിർമ്മിതികളിലെ<br>ശേഷി കൈവരിക്കൽ | ഗണിതശാസ്ത്ര ക്ലബ്ബിന്റെ<br>ആഭിമുഖ്യത്തിൽ ഗണിത<br>പ്രദർശനം നടത്തി<br>കുട്ടികളുടെ കഴിവുകൾ<br>കണ്ടെത്തുന്നു | ജൂലൈ മാസം | അധ്യാപകർ,<br>ഗണിത ക്ലബ്ബ് അംഗങ്ങൾ | പിടിഎ |
| 3 | സംഘബോധം ഉണ്ടാക്കൽ | പഠനത്തിൽ പിന്നോക്കം<br>നിൽക്കുന്ന കുട്ടികളെ<br>മറ്റു കുട്ടികൾ<br>സഹായിക്കുന്നു | തുടർ പ്രവർത്തനം | ഗണിത ക്ലബ്ബംഗങ്ങൾ | |
| 4 | ഗണിത മത്സര വേദിയിലേക്ക്<br>കുട്ടികളെ തയ്യാറാക്കൽ | ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ<br>മത്സരങ്ങൾ നടത്തി മികച്ച<br>കുട്ടികളെ കണ്ടെത്തുകയും പരിശീലനം<br>നൽകുകയും ചെയ്യുന്നു | ആഗസ്റ്റ് മാസം | ഗണിതശാസ്ത്ര അധ്യാപകർ | മാനേജ്മെൻറ് |
| 5 | ഗണിതത്തിൽ അഭിരുചി<br>വളർത്തൽ | ഗണിത ക്വിസ് | മാസത്തിൽ ഒന്ന് | അധ്യാപകർ,<br>ഗണിത ക്ലബ്ബ് അംഗങ്ങൾ | |
| 6 | ഗണിത വിഷയത്തിന്<br>കുട്ടികളുടെ<br>മികച്ച സംഭാവനകൾ | ഗണിത ലാബിലേക്ക്<br>ആവശ്യമായ പഠനോപകരണങ്ങൾ<br>നിർമ്മിക്കൽ | സെപ്റ്റംബർ | ഗണിത ക്ലബ്ബ് അംഗങ്ങൾ | പിടിഎ |
| 7 | അധ്യാപകർ ചെറിയ ക്ലാസ്<br>മുതലുള്ള തുടർ പ്രവർത്തനം<br>സാധ്യമാക്കി കുട്ടികളിൽ<br>അടിസ്ഥാനം ഉറപ്പിക്കുന്നു. | ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു.<br>ഗുണനപ്പട്ടിക, ദശാംശം,<br>ഭിന്നസംഖ്യ ഇവ ഉറപ്പിക്കുന്നു. | ജൂൺ മാസം മുതൽ | അധ്യാപകർ | |

# ACADEMIC MASTER PLAN (MATHEMATICS UP SECTION)

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| ആശയാധാരണ കൈവരിക്കൽ | പ്രീ ടെസ്റ്റ് നടത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തുന്നു . ഗണിതത്തിലെ സങ്കലനം വ്യവകലനം എന്നീ സാമാന്യ ക്രിയകൾ പഠിപ്പിക്കുന്നു . | ജൂൺ ആദ്യ വാരം | അധ്യാപകർ, മുന്നോക്കം നിൽക്കുന്ന വിദ്യാർത്ഥിനികൾ | |
| നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ഗണിത പ്രദർശനം നടത്തി still model ,working model , charts എന്നിവ കൃത്യതയോടെ നിർമിക്കുന്ന കുട്ടികളെ കണ്ടത്തുന്നു . | ജൂലൈ മാസം | അധ്യാപകർ, ഗണിത ക്ലബ് അംഗങ്ങൾ | പി.ടി.എ. |
| Grouping Activity | പഠന നിലവാരം വിലയിരുത്തി പഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ വിവിധ ഗ്രൂപ്പുകൾ ആക്കി തിരിക്കുന്നു . | തുടർ പ്രവർത്തനം | വിദ്യാർത്ഥിനികൾ | |
| ശാസ്ത്രമേളക്കുള്ള കുട്ടികളെ തയ്യാറാക്കൽ | ഗണിത ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ പ്രദർശനം നടത്തി മികച്ച കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു | ഓഗസ്റ്റ് മാസം | ഗണിത അധ്യാപകർ | മാനേജ്മെൻറ് |
| ഗണിതത്തിൽ താല്പര്യം വർധിപ്പിക്കുക | ഗണിത ക്വിസ്സ് | ഡിസംബർ ആദ്യ വാരം | അധ്യാപകർ, ക്ലബ് അംഗങ്ങൾ | |

| Academic Master Plan-UP ( IT) | | | |
|---|---|---|---|
| **Aims** | **Activity** | **Responsibility** | **Funding** |
| Learn Technology | Give different worksheets | IT Teacher | |
| Self learning | Conduct Competitions like Quiz,Picture drawing, Malayalam typing, | IT CLUB | IT CLUB |

## Academic Master Plan-HS ( IT)

| **Aims** | **Activity** | **Responsibility** | Funding |
|---|---|---|---|
| Learn Technology | Give different worksheets | IT Teacher | |
| Self learning | Conduct Competitions like Quiz, Web designing, Malayalam typing,programming,robotic | IT CLUB | IT CLUB |
| Improve problem solving skills | Give puzzles to solve | IT teacher | |

# ആരോഗ്യ  കായിക വിദ്യാഭ്യാസം - അക്കാദമിക മാസ്റ്റർ പ്ലാൻ

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| *കായികക്ഷമത കൈവരിക്കാൻ, ആരോഗ്യമുള്ള തലമുറയെ സൃഷ്ടിക്കൽ | ജൂൺ മാസത്തിൽ യുപി, എച് .എസ്  തലത്തിലെ മുഴുവൻ കുട്ടികളിലും സൈക്കിൾ സവാരി അറിയുന്നവരുടെ സർവേ നടത്തുന്നു. ജൂലൈ രണ്ടാം വാരത്തിന് ശേഷം അറിയാത്ത വരെ അധ്യാപകരുടെയും അറിയുന്ന കുട്ടികളുടെയും സഹായത്തോടെ സൈക്കിൾ സവാരി പഠിപ്പിക്കാൻ തുടങ്ങുന്നു.സ്കൂളിലെ 3 സൈക്കിൾ കൂടാതെ മാനേജ്മെന്റ് 15 സൈക്കിൾ ഈ പ്രവർത്തനത്തിന് വേണ്ടി പുതുതായി വാങ്ങി. | ജൂലൈ മുതൽ | കായിക അധ്യാപിക, സ്കൂൾ തല സമിതികൾ, സപോർട്സ് മേഖലയിൽ പ്രാവീണ്യം തെളിയിച്ചവർ | മാനേജ്മെന്റ് |
| 2. ആരോഗ്യ കായിക വിദ്യാഭ്യാസം. | സ്കൂളിലെ മുഴുവൻ കുട്ടികൾക്കും സുംബ പരിശീലനം നടത്തുന്നു. ഡാൻസ്/ എയറോബിക് ചെയ്യുന്ന കുട്ടികളെ സമന്വയിപ്പിച്ച് കൊണ്ട് ഒരു ടീം തയ്യാറാകുന്നു. 5 മുതൽ 10 വരെയുള്ള കുട്ടികൾക്ക് ഓരോ ദിവസവും ഓഡിറ്റോറിയത്തിൽ ട്രെയിനിംഗ് നൽകുന്നു. ഒരാഴ്ച കുട്ടികൾ തുടർച്ചയായി സൂംബ നടത്തുന്നു. ശേഷം സ്കൂൾ റേഡിയോ യുടെ സഹായത്തോടെ ഫസ്റ് പിരീഡ് ക്ലാസ് ടീച്ചറുടെ മോണിറ്ററിംഗിൽ ക്ലാസിലെ സൂംബ പരിശീലിക്കുന്നു. അസംബ്ലികളിൽ ചെയ്യാൻ ശ്രമിക്കുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | H.M, സ്കൂൾ തല സമിതികൾ, അധ്യാപകൻ | സ്കൂൾ റേഡിയോ ചെയ്യാൻ മാനേജ്മെന്റ് സഹായിക്കുന്നു |
| 3. ആരോഗ്യ | വിവിധ ഗെയിമുകൾ | | | |

| | | | | |
|---|---|---|---|---|
| കായിക വിദ്യാഭ്യാസം മേജർ ഗെയിംസ് | പരിശീലിപ്പിക്കുന്നു. പ്രധാനമായും വോളിബോൾ, ബാഡ്മിന്റൺ, ടേബിൾ ടെന്നീസ്, ഖോ ഖോ , ഹാൻഡ് ബോൾ എന്നിവയാണ് തിരഞ്ഞെടുക്കുന്നത്. കഴിഞ്ഞ അധ്യയന വർഷങ്ങളിൽ തന്നെ വിവിധ ഗെയിമുകളിലേക്കുള്ള സെലക്ഷൻ നടത്തിയിരുന്നു. ഈ കുട്ടികൾക്ക് വൈകുന്നേരം 5 മണി വരെ പരിശീലനം നടത്തുന്നു | ജൂലൈ മുതൽ ജനുവരി വരെ | കായിക അധ്യാപിക | **PTA** ഫണ്ട്, മാനേജ്മെന്റ് |
| 4. മൈനർ ഗെയിംസ് | പുതുതായി 5 തരത്തിൽ വരുന്ന കുട്ടികളെ വിവിധ പരിശീലനത്തിന് ശേഷം സെലക്ഷൻ നടത്തുന്നു. അടുത്ത വർഷത്തേക്കുള്ള മത്സരത്തിന് വേണ്ടിയാണ് അഞ്ചാം ക്ലാസിലെ കുട്ടികളെ സെലക്ട് ചെയ്യുന്നത്. ഇതിന് വേണ്ടി റിക്രിയേഷൻ ഗെയിമുകൾ **PT** പിരിയഡ് നടത്തുന്നു. ഇതിലൂടെ സ്പീഡ്, എജിലിറ്റി , പവർ ഉള്ള കുട്ടികളെ മനസിലാക്കാൻ കഴിയുന്നു. | ജൂൺ മുതൽ ഫെബ്രുവരി വരെ | കായിക അധ്യാപിക | **PTA, management** |
| 5. സ്കൂൾ സ്പോർട്സ് | കുട്ടികളെ 4 ഹൗസുകളായ് തിരിച്ച് സ്കൂൾ സ്പോർട്സ് നടത്തുന്നു. മികച്ച പ്രകടനം കാഴ്ച വെക്കുന്ന കുട്ടികളെ സബ്ജില്ലാ മത്സരത്തിന് കൊണ്ട് പോകുന്നു. | സെപ്റ്റംബർ | **H.M,** കായിക അധ്യാപിക, മറ്റ് അധ്യാപകരും | |
| 6. മികച്ച കുട്ടികളെ കണ്ടെത്തുക | ഓണം, ക്രിസ്തുമസ് അവധിക്കാലത്ത് സ്പോർട്സ് കൗൺസിൽ കോച്ചുമാരുടെ സഹായത്തോടെ കോച്ചിംഗ് ക്യാമ്പ് നടത്തുക. ക്യാമ്പ് രാവിലെ 7 30 മുതൽ വൈകുന്നേരം 5 മണി വരെയാണ്. സബ്ജില്ലാ, ജില്ലാ, സ്റ്റേറ്റ്, നാഷണൽ പങ്കെടുക്കുന്ന | ഓണം , ക്രിസ്തുമസ് അവധിക്കാലം | കായിക അധ്യാപിക | മാനേജ്മെന്റ്, **PTA** |

| | | | | |
|---|---|---|---|---|
| | കുട്ടികൾക്കാണ് ക്യാമ്പ് നടത്തുന്നത്. മികച്ച പ്രകടനം കാഴ്ച വെക്കാൻ ഇതിലൂടെ സാധിക്കും. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ കഴിവ് കണ്ടെത്തൽ | 1.ചലച്ചിത്ര ഗാനാലാപനം<br>2.മാപ്പിളപ്പാട്ട്<br>3.നാടൻപാട്ട്<br>4.ചിത്രം വരക്കൽ<br>5.അഭിനയം | ജൂൺ<br>ജൂലൈ | സംഗീത അധ്യാപിക | മാനേജ്മെന്റ് |
| കുട്ടികളുടെ കഴിവുകൾ പരിപോഷിപ്പിക്കൽ | യു. പി വിഭാഗം കുട്ടികളുടെ സംഗീതവാസനയെ പരിപോഷിപ്പിക്കുന്നതിനായി "മേഘമൽഹാർ സ്റ്റാർ സിംഗർ ജൂനിയർ"എന്ന സംഗീത മത്സരം | ജൂലൈ - ജനുവരി | സംഗീത അധ്യാപിക, പി റ്റി എ, സ്കൂൾ സമതികൾ | മാനേജ്മെന്റ് |
| സംഗീതോപകരണങ്ങളിൽ പരിശീലനം നൽകൽ | കീബോർഡ് ൽ പരിശീലനം നൽകുന്നു | ജൂൺ - ഫെബ്രുവരി | സംഗീത അധ്യാപിക | മാനേജ്മെന്റ് |
| കലോൽസവത്തിനായി കുട്ടികളെ തയ്യാറാക്കൽ | ഹൌസ് അടിസ്ഥാനത്തിൽ കുട്ടികളെ തിരിച്ച് സ്കൂൾ കലോത്സവം നടത്തുന്നു. അതിനായി അവരെ പരിശീലിപ്പിക്കുന്നു. | ഓഗസ്റ്റ് - സെപ്റ്റംബർ | സംഗീത അധ്യാപിക, മറ്റ് അധ്യാപകർ | മാനേജ്മെന്റ് |
| സബ്ജില്ല കലോത്സവത്തിനായി കുട്ടികളെ തയ്യാറാക്കൽ | അവധിദിവസങ്ങളിലും, എല്ലാ വ്യാഴാഴ്ചകളിലും 4 മണി മുതൽ 5.30 വരെ കുട്ടികൾക്ക് പരിശീലനം നൽകുന്നു.<br>അവധി | ഓഗസ്റ്റ് - ജനുവരി | സംഗീത അദ്ധ്യാപിക, മറ്റ് അധ്യാപകർ | മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| ജില്ലാ കലോത്സവത്തിനായി കുട്ടികളെ തയ്യാറാക്കൽ<br><br>സ്റ്റേറ്റ് കലോത്സവത്തിൽ പങ്കെടുപ്പിക്കൽ.<br><br>സ്കൂൾ ആനിവേഴ്സറിയിൽ കുട്ടികളുടെ കഴിവുകൾ അവതരിപ്പിക്കൽ. | ദിവസങ്ങളിലും വൈകുന്നേരങ്ങളിലും പരിശീലനം<br><br>അവധി ദിവസങ്ങളിൽ പരിശീലനം<br><br>എല്ലാ വ്യാഴാഴ്ചകളിലും വൈകുന്നേരം പരിശീലനം | നവംബർ<br><br>ജനവരി<br><br>ജനവരി | സംഗീത അദ്ധ്യാപിക, മറ്റ് അധ്യാപകർ<br><br>സംഗീത അദ്ധ്യാപിക, മറ്റ് അധ്യാപകർ<br><br>സംഗീത അദ്ധ്യാപിക, മറ്റ് അധ്യാപകർ, പി റ്റി എ, സ്കൂൾ സമതികൾ | മാനേജ്മെന്റ്<br><br>മാനേജ്മെന്റ്<br><br>മാനേജ്മെന്റ് |

# അക്കാദമിക് മാസ്റ്റർപ്ലാൻ

## തൊഴിൽ ഉദ്ഗ്രഥിത വിദ്യാഭ്യാസം

| നം. | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | വിവിധ പച്ചക്കറി കൃഷി രീതിയും പുഷ്പ കൃഷി രീതിയെ കുറിച്ചും അറിവ് നേടുക | പച്ചക്കറി നട്ടു പിടിപ്പിക്കൽ. പുഷ്പ കൃഷി. (ചെണ്ടുമല്ലി കൃഷി) | അക്കാദമിക വര്ഷം | W. I. E അധ്യാപിക, ക്ലാസ്സ് അധ്യാപകർ | സ്കൂൾ മാനേജ്മെന്റ് , പി റ്റി എ) |
| 2 | പരിസ്ഥിതിക്ക് പ്ലാസ്റ്റിക് ന്റെ ദോഷകരമായ സ്വാധീനത്തെക്കുറിച്ചും പേപ്പർ ബാഗ് ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും ബോധവൽക്കരിക്കുക. സമൂഹത്തോടുള്ള പ്രതിബദ്ധത വളർത്തുക. പാഴ്വസ്തു പരിപാലനം. | പേപ്പർ ബാഗ് നിർമ്മാണം , ന്യൂസ് പേപ്പർ ബാസ്കറ്റ് നിർമ്മാണം | ജൂലൈ 2nd week | W. I. E അധ്യാപിക, ക്ലാസ്സ് അധ്യാപകർ | പി. റ്റി. എ) |
| | | | | | |

| | | | | | |
|---|---|---|---|---|---|
| 3 | പ്രവൃത്തിപരിചയ പരിശീലനം | സവിശേഷ കഴിവുകൾ ഉള്ള കുട്ടികൾക്ക് പ്രവൃത്തിപരിചയ ഇനങ്ങളിൽ പരിശീലനം നൽകി മികച്ച ഉല്പന്നങ്ങൾ നിർമ്മിക്കുകയും, മേളകളിൽ പങ്കെടുപ്പികുകയും ചെയ്യുക ഇതിനായി വിദഗ്ദരുടെ സേവനം ഉപയോഗപ്പെടുത്തുക | ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ | W. I. E അധ്യാപിക | സ്കൂൾ മാനേജ്മെന്റ് , പി റ്റി എ |
| 4 | സ്വയം തൊഴിൽ പരിശീലനം | സ്വയം തൊഴിൽ നൈപുണി വികസനത്തിന്റെ ഭാഗമായി ശുചീകരണത്തിനാവശ്യമായ ലോഷൻ , സോപ്പ്, ടോയിലെറ്റ് ക്ലീനർ , ഡിഷ് വാഷ്, ഹാൻഡ് വാഷ് എന്നിവ നിർമ്മിക്കുന്നതിൽ പരിശീലനം നൽകുക | അക്കാദമിക് വര്ഷം | പ്രവൃത്തിപരിചയ യൂണിറ്റ് | സ്കൂൾ മാനേജ്മെന്റ് , പി റ്റി എ, ഡി പി ഐ |
| 5 | സെൽഫ് കെയർ അവയർനസ്സ് ക്ലാസ്,<br><br>സ്വയം പരിചരണത്തിന്റെ പ്രാധാന്യം | സ്വയം നന്നായി പരിപാലിക്കാൻ, പെരുമാറ്റം, തൊഴില്, ആരോഗ്യം ഇവ സ്വയം | ജൂലൈ<br><br>അവസാന ആഴ്ച | പ്രധാന അധ്യാപിക , W. I. E അധ്യാപിക | സ്കൂൾ മാനേജ്മെന്റ് , പി റ്റി എ, |

| | | | | | |
|---|---|---|---|---|---|
| | ബോധ്യപ്പെടുത്തുക | പരിശോധിക്കാനും മെച്ചപ്പെടുത്താനും ഓരോ കുട്ടിയെയും ബോധവത്കരിക്കുന്നതിനായി ക്ലാസ്സുകൾ സംഘടിപ്പിക്കുക | ( 24.07 സെൽഫ് കെയർ ഡേ ) | | |
| 6 | സ്വന്തം കഴിവുകൾ തിരിച്ചറിയുക , വെല്ലു വിളികളെ അവസരങ്ങൾ ആക്കി മാറ്റുക | വിദഗ്ധരെ പങ്കെടുപ്പിച്ചു ക്ലാസ്സുകൾ നടത്തുക | ഓഗസ്റ്റ്/ സെപ്റ്റംബര് | പ്രധാന അധ്യാപിക, W. I. E ടീച്ചർ | പി റ്റി എ, സ്കൂൾ മാനേജ്മെന്റ് |
| 7 | പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് താത്പര്യങ്ങള്ക്ക് അനുസരിച്ചുള്ള പ്രവാര്ത്തനങ്ങള് ചെയ്യിക്കുക | കുട്ടികളുടെ ശാരീരിക മാനസിക പരിമിതികൾ പരിഗണിച്ച് ഉള്ള പ്രവര്ത്തനങ്ങൾ ചെയ്യിക്കുന്നു. | അക്കാദമിക് വര്ഷം | W. I. E അധ്യാപിക, ക്ലാസ്സ് അധ്യാപകർ | പി റ്റി എ |
| 8 | നാട്ടറിവ് ദിനം, പ്രവൃത്തി പരിചയ ദിനം എന്നിവയോടനുബന്ധിച്ച് എക്സിബിഷൻ സംഘടിപ്പിക്കുക | ഭക്ഷ്യമേള,വിവിധ ഉത്പന്നങ്ങളുടെ എക്സിബിഷൻ സംഘടിപ്പിക്കുക | August 22 (നാട്ടറിവ് ദിനം, പ്രവൃത്തി പരിചയ ദിനം) | W. I. E അധ്യാപിക, ക്ലാസ്സ് അധ്യാപകർ | പി റ്റി എ, |

## ഉപസംഹാരം

മുസ്‌ലിം ഗേൾസ് ഹയർ സെക്കന്ററി മികവിന്റെ കേന്ദ്രമായ ഒരു പൊതുവിദ്യാലയമാണ്. ഇതിനെ കൂടുതൽ ഭൗതിക സൗകര്യങ്ങൾ ഉൾപ്പെടുത്തി കൂടുതൽ മികവുറ്റതാക്കി മാറ്റാനുള്ള പദ്ധതികളുമായി സ്കൂൾ മുന്നോട്ട് നീങ്ങുന്നു.

പൊതുസമൂഹത്തിന്റെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് ധാരാളം പ്രവർത്തനങ്ങൾ നടത്താൻ സ്കൂൾ തീരുമാനിച്ചിരിക്കുന്നു. ലഹരി വിരുദ്ധബോധവത്കരണം, പരിസ്ഥിതിസംരക്ഷണം, ഫാസ്റ്റ്ഫുഡ്, ജാങ്ക് ഫുഡ് എന്നിവയ്ക്കെതിരെ നടത്തിവരുന്ന പ്രവർത്തനങ്ങൾ നന്നായി തുടർന്നുപോകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്.

കൗൺസിലിംഗ് ആവശ്യമുള്ള വിദ്യാർത്ഥികൾക്ക് അതിനുള്ള സൗകര്യം സ്കൂളിൽ ഒരുക്കിയിരിക്കുന്ന സർഗ്ഗാത്മക പ്രവർത്തനങ്ങൾ പരിപോഷിപ്പിക്കാനുള്ള പദ്ധതികളും നടപ്പിലാക്കുന്നു.